4
തിങ്കൾ
2017 ഡിസംബർ
1193 വൃശ്ചികം 19

മക്തബ്

www.makthabdaily.com

ഗവ. അംഗീകൃത ലൈസൻസോടുകൂടി
കുഴൽകിണറുകൾ
കുറഞ്ഞ ചെലവിൽ ഉറപ്പോടും
വിശ്വസ്തതയോടും കൂടി കുഴിച്ചുകൊടുക്കുന്നു
ജലധാര
ബോർവെൽ സർവ്വീസ്
• ആലക്കോട്
• തളിപ്പറമ്പ്
• ഇരിട്ടി
9447953049, 9656062585

തളിപ്പറമ്പ പുസ്തകം 11 ലക്കം 42 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

നടുവിൽ സംഘർഷം മൂന്ന് മുസ്‌ലിം ലീഗുകാർ അറസ്റ്റിൽ

- പരിക്കേറ്റ ലീഗുകാരുടെ പരാതിയിൽ വൈകുന്നേരത്തോടെ കേസെടുക്കും
- പള്ളി അക്രമണത്തിൽ ശാസ്ത്രീയ പരിശോധനക്ക് ശേഷം മാത്രം കേസ്

ശ്രീകണ്ഠപുരം: നടുവിലിൽ ഇന്നലെ ഉണ്ടായ മുസ്ലിംലീഗ്-സി.പി.എം സംഘർഷവുമായി ബന്ധപ്പെട്ട് മൂന്ന് മുസ്ലിംലീഗ് പ്രവർത്തകരെ കുടിയാൻമല പോലീസ് അറസ്റ്റ് ചെയ്തു. സി.പി.എം പ്രകടനത്തിന് നേരെ ബോംബെറിയുകയും ജില്ലാ സെക്രട്ടേറിയറ്റംഗം കെ.എം. ജോസഫിന് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിലാണ് അറസ്റ്റ്. നടുവിൽ സ്വദേശികളായ കറുത്താണ്ടിരകത്ത് ആൻസിൽ, സി.പി. സുലൈമാൻ, ആശാരി മുഹമ്മദ് എന്നിവരെയാണ് തളിപ്പറമ്പ ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലിന്റെ നിർദേശപ്രകാരം ആലക്കോട് സി.ഐയുടെ ചുമതല വഹിക്കുന്ന ശ്രീകണ്ഠപുരം സി.ഐ വി. വി. ലതീഷിന്റെ നേതൃത്വത്തിൽ പിടികൂടിയത്.

മുസ്ലിംലീഗ് വിട്ട് സി.പി.എമ്മിൽ ചേർന്ന മൂസാൻകുട്ടി നടുവിലിനെ അക്രമിച്ച കേസിൽ വൈദ്യരകത്ത് ഇർഷാദ്, പുതിയപുരയിൽ ഷക്കീർ എന്നീ ലീഗുകാർക്കെതിരെയും കേസെടുത്തിട്ടുണ്ട്. അക്രമത്തിൽ പരിക്കേറ്റ അഞ്ച് മുസ്ലിം ലീഗ് പ്രവർത്തകർ തളിപ്പറമ്പ് ലൂർദ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നുണ്ട്. ആശുപത്രിയിൽ നിന്ന് ഇന്റിമേഷൻ ലഭിച്ചതിന് ശേഷം ഇവരുടെ പരാതിയിൽ കേസെടുക്കുമെന്ന് പോലീസ് വ്യക്തമാക്കി.

അതേസമയം നടുവിൽ ടൗണിലെ മദ്രസ അക്രമിക്കപ്പെട്ട സംഭവത്തിൽ മഹല്ല് കമ്മിറ്റിയും സി.പി.എമ്മും പോലീസിൽ പരാതി നൽകിയിട്ടുണ്ട്. മഹല്ല് കമ്മിറ്റി നൽകിയ പരാതിയിൽ പള്ളിക്ക് നേരെ ബോംബേറും കല്ലേറും നടത്തിയത് കണ്ടാലറിയാവുന്ന പത്തുപേരാണെന്നാണ് പറയുന്നത്. അതിൽ ഒരു ലീഗ് പ്രവർത്തകനും ഉൾപ്പെട്ടിട്ടില്ലെന്നും മഹല്ല് കമ്മിറ്റി പറയുന്നു. എന്നാൽ സി.പി.എം നൽകിയ പരാതിയിൽ മുസ്ലിംലീഗിന്റെ പഞ്ചായത്ത് പ്രസിഡണ്ട് കെ. മുഹമ്മദ് കുഞ്ഞിയുടെ നേതൃത്വത്തിലാണ് കല്ലേറ് നടന്നതെന്നാണ് ആരോപിക്കുന്നത്. ഈ രണ്ട് പരാതിയിൽ പറയുന്ന കാര്യങ്ങളും ശാസ്ത്രീയ പരിശോധനക്ക് വിധേയമാക്കിയ ശേഷം ഉച്ചക്ക് ശേഷം കേസെടുക്കുമെന്നാണ് അറിയുന്നത്.

ഇന്നലെ നടന്ന അക്രമങ്ങളിൽ ജില്ലാ സെക്രട്ടറിയേറ്റംഗം കെ.എം. ജോസഫ്, വിളക്കന്നൂർ സ്വദേശികളായ ചപ്പൻകത്ത് ഫാസിൽ (24), കിഴക്കുമ്പാട് റമീസ് (19) എന്നീ സി.പി.എമ്മുകാർക്ക് പരിക്കേറ്റിരുന്നു. ഇവർ തളിപ്പറമ്പ് സഹകരണ ആശുപത്രിയിൽ ചികിത്സയിലാണ്. മൂസാൻകുട്ടി നടുവിലിനെയും അക്രമിച്ചതായി പരാതി ഉണ്ട്. മുസ്ലിംലീഗ് പ്രവർത്തകരായ കളരിക്കുന്നിൽ ജാഫർ (22), സി.പി.അബൂബക്കർ (52), പി. റഷീദ് (27), കുട്ടിപ്പള്ളീരകത്ത് സൈനുദീൻ (46), സി.എച്ച്. സജാദ് എന്നിവർ പരിക്കേറ്റ് തളിപ്പറമ്പ് ലൂർദ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്.

സൈനുദീന്റെ കാർ തകർത്തിട്ടുണ്ട്. കല്ലേറിഞ്ഞ് തകർത്ത കാർ പിന്നീട് മറിച്ചിട്ട് ചെത്ത് കല്ലിട്ട് വീണ്ടും തകർക്കുകയായിരുന്നു. സി.പി.എം പ്രവർത്തകൻ റമീസിന്റെ കാറിന് നേരെ തളിപ്പറമ്പ് മന്നക്ക് സമീപം വച്ച് കല്ലേറുണ്ടായി. ഇതിലാണ് റമീസിന് പരിക്കേറ്റത്. നടുവിൽ പ്രദേശത്ത് വൻ പോലീസ് സംഘത്തെ വിന്യസിച്ചിട്ടുണ്ട്. നിരന്തരം ആവർത്തിക്കപ്പെടുന്ന രാഷ്ട്രീയ സംഘർഷത്തിൽ പ്രദേശം ഭീതിയിലാണ്.

കെ.എം.ജോസഫിനെ സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റംഗം എം.വി.ഗോവിന്ദൻ സന്ദർശിക്കുന്നു

പരിക്കേറ്റ ലീഗ് പ്രവർത്തകരെ കെ.സി. ജോസഫ് എം.എൽ.എ സന്ദർശിക്കുന്നു.

നടുവിൽ ഹർത്താൽ പൂർണ്ണം; വാഹനഗതാഗതത്തെ ബാധിച്ചില്ല

നടുവിൽ: നടുവിൽ ഇന്നലെയുണ്ടായ സി.പി.എം-മുസ്ലിം ലീഗ് സംഘർഷത്തെ തുടർന്ന് എൽ.ഡി.എഫും യു.ഡി.എഫും ആഹ്വാനം ചെയ്ത നടുവിൽ പഞ്ചായത്ത് ഹർത്താൽ പൂർണ്ണം. നടുവിൽ, കരുവഞ്ചാൽ ഉൾപ്പെടെയുള്ള ടൗണുകളിൽ സർക്കാർ സ്ഥാപനങ്ങളും കടകമ്പോളങ്ങളും അടഞ്ഞുകിടക്കുകയാണ്. എന്നാൽ വാഹനഗതാഗതത്തെ ഹർത്താൽ ബാധിച്ചിട്ടില്ല. ബസുകൾ ഉൾപ്പെടെ സർവീസ് നടത്തുന്നുണ്ട്. ഹർത്താൽ സമാധാനപരമാണ്.

നടുവിലിൽ നാളെ രാവിലെ സർവ്വകക്ഷി സമാധാനയോഗം

നടുവിൽ: നിരന്തരം രാഷ്ട്രീയ സംഘർഷം അരങ്ങേറുന്ന പശ്ചാത്തലത്തിൽ തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ നാളെ രാവിലെ പത്ത് മണിക്ക് നടുവിൽ പഞ്ചായത്ത് ഓഫീസിൽ സർവ്വകക്ഷി സമാധാന യോഗം വിളിച്ചു ചേർത്തു. കഴിഞ്ഞ രണ്ടുമാസത്തിനിടിയിൽ നടുവിലും വിളക്കന്നൂരുമായി നിരവധി രാഷ്ട്രീയ സംഘർഷങ്ങളാണ് അരങ്ങേറിയത്. മൂന്ന് തവണ സർവ്വകക്ഷി സമാധാനയോഗം വിളിച്ചുചേർത്തിരുന്നെങ്കിലും അക്രമം തുടരുന്ന പശ്ചാത്തലത്തിലാണ് നാളെ വീണ്ടും സമാധാന യോഗം ചേരുന്നത്.

വിഴിഞ്ഞത്ത് കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ എത്തി; കയ്യടി വാങ്ങി മടങ്ങി

തിരുവനന്തപുരം: ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനെതിരെ ജനരോക്ഷമുയർന്ന വിഴിഞ്ഞത്ത് ഇന്ന് കേന്ദ്ര പ്രതിരോധ മന്ത്രി നിർമ്മല സീതാരാമനെത്തി ജനങ്ങളുടെ കയ്യടി വാങ്ങി മടങ്ങി. ആവലാതികളും പരാതികളും രോഷത്തോടെ പ്രകടിപ്പിച്ച മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്ക് മുന്നിൽ പലതവണ കൈകൂപ്പി അപേക്ഷയുടെ രൂപത്തിൽ സംസാരിച്ചാണ് കേന്ദ്രമന്ത്രി ജനങ്ങളെ ശാന്തരാക്കിയത്. ഈ സമയത്ത് പഴി പറയരുത്, കോപം വേണ്ട, ആക്രോശം വേണ്ട, നിങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്ന് അവർ പല തവണ കൈകൂപ്പി കൊണ്ട് ജനക്കൂട്ടത്തോട് പറഞ്ഞു. ഓഖി ചുഴലിക്കാറ്റ് സംബന്ധിച്ച് കേന്ദ്രം മുൻകൂട്ടി മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ എവിടെയെങ്കിലും വീഴ്ചപറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ പേരിൽ ആരെയും കുറ്റപ്പെടുത്തേണ്ടുന്ന സന്ദർഭമല്ലിത്. കടലിൽ കാണാതായ എല്ലാവരെയും കണ്ടെത്തുന്നതുവരെ തെരച്ചിൽ തുടരും. മറ്റ് തീരങ്ങളിലെത്തിയ കേരളക്കാരെ കണ്ടെത്താൻ ശ്രമം തുടരുകയാണ്. രക്ഷാപ്രവർത്തനങ്ങൾക്ക് എല്ലാവിധ ആധുനിക സഹായങ്ങളും നൽകും. സുനാമി സമയത്ത് നടത്തിയതിനെക്കാൾ മികച്ച രക്ഷാപ്രവർത്തനമാണ് നടത്തുന്നതെന്നും അവർ പറഞ്ഞു. ജനങ്ങൾക്ക് പറയാനുള്ളത് സശ്രദ്ധമായി അവർ കേട്ടു. അതിന് ശേഷം വീണ്ടും സംസാരിച്ചു. തുടർന്നാണ് അവരെ കയ്യടിയോടെ ജനങ്ങൾ യാത്രയാക്കിയത്. സംസ്ഥാന മന്ത്രിമാരായ ജെ.മേഴ്സിക്കുട്ടിയമ്മയും കടകംപള്ളി സുരേന്ദ്രനും ജില്ലാ കലക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും കേന്ദ്ര മന്ത്രിക്കൊപ്പമുണ്ടായിരുന്നു. പൂന്തുറയിലും അവർ സന്ദർശനം നടത്തി. തുടർന്ന് അവർ മുഖ്യമന്ത്രി പിണറായി വിജയനുമായി ചർച്ച നടത്തും.

പൂന്തുറയിൽ മന്ത്രിമാരായ മേഴ്സിക്കുട്ടിയമ്മയ്ക്കും കടകംപള്ളി സുരേന്ദ്രനുമെതിരെ ജനങ്ങൾ പ്രതിഷേധമുയർത്തിയപ്പോൾ പല തവണ കൈകൂപ്പി ശാന്തരാകാൻ അഭ്യർത്ഥിച്ചതും നിർമ്മല സീതാരാമനായിരുന്നു. പരസ്പരം പഴിചാരേണ്ടുന്ന സമയമല്ലായിതെന്ന് അവർ ആവർത്തിച്ച് പറഞ്ഞാണ് ജനങ്ങളെ ശാന്തരാക്കിയത്.

വിഴിഞ്ഞത്തിന് വ്യത്യസ്തമായി പൂന്തുറയിൽ കേന്ദ്ര മന്ത്രിക്കെതിരെ ചിലർ പ്രതിഷേധ ശബ്ദമുയർത്തി.

പ്രതിഷേധങ്ങൾ ഇല്ലാതെ വി.എസിനെ പൂന്തുറക്കാർ സ്വീകരിച്ചു

തിരുവനന്തപുരം: ചുഴലിക്കൊടുങ്കാറ്റ് ദുരന്തം വിതച്ച പൂന്തുറയിൽ ഭരണപരിഷ്ക്കാര സമിതി ചെയർമാൻ വി.എസ്.അച്യുതാനന്ദൻ ആശ്വാസവുമായെത്തി. മത്സ്യബന്ധനത്തിന് പോയ നിരവധി പേർ തിരിച്ചെത്താത്തിനെ തുടർന്ന് സങ്കടക്കടലായി മാറിയ മണ്ണിൽ തൊഴുകൈകളുമായെത്തിയ അദേഹം നിങ്ങളുടെ ദുഃഖത്തിന്റെ കൂടെ ഞാനുമുണ്ടാകുമെന്ന് ആശ്വസിപ്പിച്ചാണ് മടങ്ങിയത്. പൂന്തുറ പള്ളിമുറിയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തിയ ശേഷമാണ് നിലവിളിക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ ഇടയിലേക്ക് വി.എസ് എത്തിയത്. ഏതാനും വാക്കുകൾ മാത്രമേ അദേഹം സംസാരിച്ചുള്ളൂ. എന്നാൽ വി.എസിനെതിരെ ജനങ്ങളിൽ നിന്ന് ഒരു പ്രതിഷേധ ശബ്ദം പോലും ഉയർന്നില്ല. വിഴിഞ്ഞത്തെ ആളുകളെ കൂടി കാണാനുണ്ടെന്ന് പറഞ്ഞാണ് അദേഹം പൂന്തുറയിൽ നിന്ന് യാത്ര തിരിച്ചത്.

മനുഷ്യജീവന്റെ വില

എഡിറ്റോറിയൽ പേജ് 2

ഒരു ബി.ജെ.പി പ്രവർത്തകൻ അറസ്റ്റിൽ; മൂന്ന് ബി.ജെ.പിക്കാരുടെ വീട് ആക്രമിച്ചു

കക്കാട് സംഘർഷം തുടരുന്നു; സി.പി.എമ്മുകാരുടെ വീടിന് നേരെ അക്രമം

കണ്ണൂർ: സി.പി.എം- ബി.ജെ.പി സംഘർഷം നിലനിൽക്കുന്ന കക്കാട് , എടച്ചൊവ്വ, ഓണ്ടേൻപറമ്പ് ഭാഗങ്ങളിൽ സംഘർഷം തുടരുന്നു. രണ്ട് സി.പി.എമ്മുകാരുടെ വീടുകൾക്ക് നേരെ ഇന്ന് പുലർച്ചെ അക്രമം നടന്നു.

തുഞ്ചത്താചാര്യ സ്കൂളിന് സമീപത്തെ ഡി.വൈ.എഫ്.ഐ പ്രവർത്തകൻ നസീം എന്ന നാച്ചി യുടെ വീടിന് നേരെയാണ് ഇന്ന് പുലർച്ചെ മൂന്ന് മണിയോടെ അക്രമം നടന്നത്. സി.പി.എം മുൻ ബ്രാഞ്ച് സെക്രട്ടറി ജയകിഷന്റെ വീടിന് നേരെ പുലർച്ചെ 3.30ഓടെ അക്രമം നടന്നു. വീടിന്റെ ജനൽ ചില്ലുകൾ തകർന്നിട്ടുണ്ട്. ജനൽ ചില്ല് പൊട്ടിത്തെറിച്ച് ചീള് ജയകിഷന്റെ മൂക്കിൽ തറച്ച് കയറി പരിക്കേറ്റു. ജയകിഷന്റെ മകൾ ശ്രേയക്കും ജനൽ ചില്ലിന്റെ ചീളേറ്റ് പരിക്ക് പറ്റിയിട്ടുണ്ട്.

അതിനിടെ ഇന്നലെ പോലീസുകാർക്കും സി.പി.എം പ്രവർത്തകർക്കും നേരെ ബോംബെറിഞ്ഞ കേസിൽ ബി.ജെ.പി പ്രവർത്തകൻ ഒണ്ടേൻപറമ്പ് റോഡിലെ അജിത്ത് എന്ന ബേബി (50) അറസ്റ്റിലായി.

ഇന്നലെ രാവിലെ കക്കാട്, ഒണ്ടേൻപറമ്പ്, എടച്ചൊവ്വ പ്രദേശങ്ങളിൽ സി.പി.എം ജില്ലാ സമ്മേളനത്തിന്റെ പ്രചാരണം വൈദ്യുതി തൂണിൽ എഴുതാൻ പ്രവർത്തകർ എത്തിയതോടെയാണ് സംഘർഷം ഉടലെടുത്തത്. ആറ് ബൈക്കുകളിലായാണ് പ്രവർത്തകർ എത്തിയത്. കക്കാട് റോഡരികിലെ വൈദ്യുതി തൂണിൽ സി.പി.എമ്മുകാർ ചുവന്ന പെയ്ന്റടിച്ചു. സംഭവം അറിഞ്ഞെത്തിയ പോലീസ് ചുവന്ന പെയിന്റ് കരിഓയിൽ ഒഴിച്ച് നീക്കം ചെയ്തിരുന്നു. പോലീസ് സി.പി.എമ്മുകാർക്കെതിരെ കേസെടുക്കുകയും ചെയ്തു. ജയകൃഷ്ണൻ ബലിദാന ദിനാചരണത്തിന്റെ ഭാഗമായി വൈദ്യുതി തൂണിൽ എഴുതിയത് പെയിന്റടിച്ചാണ് സി.പി.എമ്മുകാർ എഴുതിയതെന്നാരോപിച്ച് വൈകുന്നേരം 3.30ഓടെ ബി.ജെ.പിക്കാർ സംഘടിച്ചെത്തി തൂണുകളിൽ കാവി പെയിന്റടിച്ചു. ഇതേ ചൊല്ലിയാണ് സി.പി.എം- ബി.ജെ.പി പ്രവർത്തകർ സംഘർഷം ഉടലെടുത്തത്. സംഘർഷം തടയാൻ എത്തിയ പോലീസുകാർക്കും സ്ഥലത്തുണ്ടായിരുന്ന സി.പി.എം പ്രവർത്തകർക്കും നേരെ ബൈക്കിലെത്തിയ ബി.ജെ.പി സംഘം ബോംബെറിഞ്ഞെന്നാണ് പരാതി. സംഭവത്തിൽ മൂന്ന് പോലീസുകാർക്കും രണ്ട് സി.പി.എം. പ്രവർത്തകർക്കും പരിക്കേറ്റു. ഈ കേസിലാണ് അജിത്തിനെ അറസ്റ്റ് ചെയ്തത്. അതിനിടെ എടച്ചൊവ്വ, ഒണ്ടേൻപറമ്പ് മുത്തപ്പൻ ക്ഷേത്രത്തിന് സമീപത്ത് ഉണ്ടായ ബോംബേറിൽ ബി.ജെ.പി പ്രവർത്തകരായ ജിതിൻ വിനോദ് (29), അതുൽ (23), വൈശാഖ് (22) എന്നിവർക്ക് പരിക്കേറ്റിരുന്നു. എന്നാൽ രാവിലെ കക്കാട് നടന്ന ബോംബേറിലാണ് ഇവർക്ക് പരിക്കേറ്റതെന്ന നിലപാടാണ് പോലീസിന്റേത്. ബി.ജെ.പി പ്രവർത്തകരായ വിനോദ്, സതീശൻ എന്നിവരുടെ വീടുകൾക്ക് നേരെ അക്രമം നടന്നു. വിനോദിന്റെ ഭാര്യ ഗീത (49), സതീശന്റെ ഭാര്യ ശോഭ (50) എന്നിവർക്ക് പരിക്കേറ്റു. രാത്രി 11.30ഓടെ മറ്റൊരു ബി.ജെ.പി പ്രവർത്തകന്റെ വീടിന് നേരെയും അക്രമം നടന്നതായി പരാതിയുണ്ട്. ബോംബേറ് നടന്ന കക്കാടിന് സമീപമുള്ള പറമ്പിൽ നിന്ന് പോലീസ് ഒരു വാൾ കണ്ടെടുത്തിരുന്നു.

കക്കാട് നിന്ന് പോലീസ് പിടിച്ചെടുത്ത വടിവാൾ

ഹക്കീം വധക്കേസിലെ പ്രതിക്ക് വെട്ടേറ്റു

പയ്യന്നൂർ: ഹക്കീം വധക്കേസിലെ പ്രതിയെ സഹോദരൻ കുത്തി പരിക്കേൽപ്പിച്ചു. പുഞ്ചക്കാട്ടെ മുഹമ്മദ്റഫീഖി(44)നെയാണ് സാരമായ പരിക്കുകളോടെ പയ്യന്നൂർ സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞ ദിവസം പുഞ്ചക്കാട് പാലത്തിനടുത്ത് വച്ച് സഹോദരൻ എ.പി.അസീറാണ് കുത്തിപരിക്കേൽപ്പിച്ചത്.

പാർട്ണറെ ക്ഷണിക്കുന്നു
കണ്ണൂരിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്ന ഹെയർ കോസ്മെറ്റിക്ക് ബ്യൂട്ടി ക്ലിനിക്കിലേക്ക് പാർട്ണറെ ക്ഷണിക്കുന്നു.
9744890736, 7560876722

നിർമ്മിച്ച കട്ടിള ജനലുകൾ
മരവ്യവസായ മേഖലയിൽ 37 വർഷത്തെ സേവന പാരമ്പര്യം
• എല്ലാവിധ വിദേശ മരങ്ങളുടെയും മരഉരുപ്പടികൾ
• ഉരുളൻ മരങ്ങൾ
• വുഡൻ ഡോറുകൾ
• ഫർണിച്ചറുകൾ
എല്ലാം ന്യായവിലയിൽ
വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ഉൽപ്പന്നങ്ങളുടെ അംഗീകൃത ഡീലർ
ഇന്റർനാഷണൽ ടിമ്പേർസ്
കുറ്റിക്കോൽ, ടോൾബൂത്തിന് സമീപം
N.H. തളിപ്പറമ്പ്
Ph: 9447485384, 9946555384, 0460 2200484 (Off)
ഹോൾസെയിൽ & റീട്ടെയിൽ